ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## പ്രാദേശിക വാർത്തകൾ

**DATE: 30.12.2025** **TIME : 06.30 PM**

### പ്രധാന വാർത്തകൾ

1. **വിദ്യാഭ്യാസ മേഖലയിൽ കേരളം രാജ്യത്തിന് മാതൃകയാണെന്ന് ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ.**

2. **കേന്ദ്ര ബജറ്റിന് മുന്നോടിയായി പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രമുഖ സാമ്പത്തിക വിദഗ്ധരുമായി നിതി ആയോഗിൽ കൂടിക്കാഴ്ച നടത്തി.**

3. **ആരോഗ്യം ആനന്ദം - "വൈബ് 4 വെൽനെസ്" സംസ്ഥാനതല ആരോഗ്യ പ്രചാരണ റാലിയുടെ സമാപന സമ്മേളനം പുതുവത്സര ദിനത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് നിർവഹിക്കും.**

4. **കയറ്റുമതി കാർഗോ സംഭരണ ശേഷി വർധിപ്പിച്ച് സിയാൽ. വിമാനത്താവളത്തിൽ വിപുലീകരിച്ച എക്സ്പോർട്ട് കാർഗോ വെയർഹൗസ് ഉദ്ഘാടനം ചെയ്തു.**

5. **മകരവിളക്ക് ഉത്സവത്തിനായി ശബരിമല ക്ഷേത്രനട തുറന്നു. സന്നിധാനത്തും പരിസര പ്രദേശത്തും കർശന സുരക്ഷ.**

6. ഇന്ത്യ- ശ്രീലങ്ക വനിതാ ടി-20 പരമ്പരയിലെ അവസാനത്തെ മത്സരം അല്പസമയത്തിനകം തിരുവനന്തപുരത്ത് ആരംഭിക്കും.

ഉപരാഷ്ട്രപതി -മാർ ഇവാനിയോസ്(ഇൻട്രോ)

വിദ്യാഭ്യാസ മേഖലയിൽ കേരളം രാജ്യത്തിന് മാതൃകയാണെന്ന് ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ. മാർ ഇവാനിയോസ് കോളേജ് പ്ലാറ്റിനം ജൂബിലി സമാപന ചടങ്ങുകൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു ഉപരാഷ്ട്രപതി . വികസിത ഭാരതം എന്ന ലക്ഷ്യം കൈവരിക്കുന്നതിൽ വിദ്യാഭ്യാസ മേഖലയ്ക്ക് സുപ്രധാന സ്ഥാനമുണ്ട്. രാജ്യത്തിൻറെ ഭാവി നിർണയിക്കുന്നത് യുവതലമുറയാണ്. ഇന്ത്യയെ ശക്തമായ രാഷ്ട്രം ആക്കി മാറ്റുന്നതിൽ സാമൂഹിക സൗഹാർദ്ദത്തിന് വലിയ പങ്കാണുള്ളതെന്നും ഉപരാഷ്ട്രപതി പറഞ്ഞു.

(വോയിസ്)

വികസിത ഭാരതം എന്ന ലക്ഷ്യത്തിനായി എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും ഒരുമിച്ച് പ്രവർത്തിക്കണമെന്ന് ചടങ്ങിൽ അധ്യക്ഷം വഹിച്ച ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ പറഞ്ഞു. കേരളത്തിന്റെ വിദ്യാഭ്യാസ പുരോഗതിയിൽ അനിഷേധ്യ സ്ഥാനമുള്ള മാതൃകാ സ്ഥാപനമാണ് മാർ ഇവാനിയോസ് കോളേജ് എന്ന് മുഖ്യ പ്രഭാഷണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അഭിപ്രായപ്പെട്ടു.

ഉപരാഷ്ട്രപതി -ശിവഗിരി

93-ാമത് ശിവഗിരി തീർത്ഥാടനത്തിന് തുടക്കമായി. സമൂഹത്തെ പുരോഗതിയിലേക്ക് നയിക്കാൻ ശ്രീനാരായണ ഗുരു പഠിപ്പിച്ച പാഠങ്ങൾ നിർണായക പങ്ക് വഹിച്ചെന്ന് തീർത്ഥാടനം ഉദ്ഘാടനം ചെയ്യവെ ഉപരാഷ്ട്രപതി സിപി രാധാകൃഷ്ണൻ പറഞ്ഞു. ഗുരുവിൻറെ ദർശനങ്ങൾ വരും തലമുറകൾക്ക് പ്രചോദനമേകുമെന്ന് അദ്ദേഹം പറഞ്ഞു. കേരള സന്ദർശനം പൂർത്തിയാക്കി ഉപരാഷ്ട്രപതി ഉച്ചയോടെ തമിഴ്നാട്ടിലേക്ക് മടങ്ങി.

പി എം-നിതി ആയോഗ്

കേന്ദ്ര ബജറ്റിന് മുന്നോടിയായി പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രമുഖ സാമ്പത്തിക വിദഗ്ധരുമായി നിതി ആയോഗിൽ കൂടിക്കാഴ്ച നടത്തി. രാജ്യത്തിൻറെ നിലവിലെ സാമ്പത്തിക സ്ഥിതിയെയും ഭാവി മുൻഗണനകളെയും കുറിച്ചുള്ള വിദഗ്ദ്ധരുടെ അഭിപ്രായങ്ങളും വിലയിരുത്തലുകളും യോഗത്തിൽ പങ്കുവെച്ചു. സാമ്പത്തിക ആസൂത്രണത്തിന്റെ അടുത്ത ഘട്ടത്തിനായി സർക്കാർ തയ്യാറെടുക്കുമ്പോൾ നിതി ആയോഗിലെ ആശയവിനിമയം വിലപ്പെട്ട ഉൾക്കാഴ്ചകൾ നൽകുമെന്നാണ് വിലയിരുത്തൽ.

എസ് ഐ ആർ

കേരളത്തിൽ കരട് വോട്ടർ പട്ടികയിൻമേലുള്ള പരാതികളും അവകാശവാദങ്ങളും
ജനുവരി 22 വരെ സമർപ്പിക്കാം. voters.eci.gov.in, ceo.kerala.gov.in വെബ്സൈറ്റുകളിൽ കരട് പട്ടിക ലഭ്യമാണ്.

❁❁❁❁❁❁❁❁❁❁❁❁❁

**പത്രിക**

കേരളത്തിൽ സ്ഥാനാർത്ഥികളുടെ നിര്യാണത്തെ തുടർന്ന് വോട്ടെടുപ്പ് മാറ്റിവെച്ച മൂന്നു തദ്ദേശ വാർഡുകളിൽ ജനുവരി 12 ന് വോട്ടെടുപ്പ് നടക്കും. പത്രിക പിൻവലിക്കാനുള്ള സമയപരിധി ഇന്നലെ അവസാനിച്ചു. മലപ്പുറം മൂത്തേടം പഞ്ചായത്തിലെ പായിപ്പാടം, എറണാകുളം പാമ്പാക്കുട പഞ്ചായത്തിലെ ഓണക്കൂർ, തിരുവനന്തപുരം കോർപ്പറേഷനിലെ വിഴിഞ്ഞം എന്നീ വാർഡുകളിലാണ് തിരഞ്ഞെടുപ്പ്. വോട്ടെണ്ണൽ 13-ന് നടക്കും.

❁❁❁❁❁❁❁❁❁❁❁❁❁

**പക്ഷിപ്പനി**

ആലപ്പുഴയിൽ പക്ഷിപ്പനി പ്രതിരോധത്തിൻറെ ഭാഗമായി ശുചീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചു. പക്ഷികളെ കൊന്നൊടുക്കിയ സ്ഥലങ്ങളിലാണ് ശുചീകരണം നടക്കുന്നത്. ജില്ലയിൽ മൂന്ന് സ്ഥലങ്ങളിൽ നിന്നും കൂടി സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്.

❁❁❁❁❁❁❁❁❁❁❁❁❁

**ജിതേന്ദ്ര സിംഗ്.-വർഷാവസാന പത്രസമ്മേളനം**

രാജ്യത്തെ പൗരന്മാരുടെ ജീവിത നിലവാരവും തൊഴിൽ അന്തരീക്ഷവും മെച്ചപ്പെടുത്തുക ലക്ഷ്യമിട്ടുള്ള കേന്ദ്രസർക്കാരിന്റെ ഭരണ പരിഷ്കാരങ്ങളുടെ വർഷമായിരുന്നു 2025 എന്ന് കേന്ദ്രസഹമന്ത്രി ജിതേന്ദ്ര സിംഗ്. ന്യൂഡൽഹിയിൽ നടന്ന വർഷാവസാന പത്രസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. തൊഴിലെടുക്കുന്നവർക്ക് മെച്ചപ്പെട്ട തൊഴിൽ അന്തരീക്ഷം ഉറപ്പാക്കുന്നതിലൂടെ മാത്രമേ പൗരന്മാർക്ക് മികച്ച സേവനങ്ങൾ ലഭ്യമാക്കാനാകൂവെന്ന് കേന്ദ്രമന്ത്രി പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

**ശബരിമല മകരവിളക്ക് (ഇൻട്രോ)**

മകരവിളക്ക് മഹോത്സവത്തിനായി ശബരിമല നട തുറന്നു. സന്നിധാനത്തും പരിസര പ്രദേശത്തും കർശന സുരക്ഷയാണ് ഏർപ്പെടുത്തിയിരിക്കുന്നത്.

നാളെ പുലർച്ചെമുതൽ പൂജകൾ ആരംഭിക്കും. മകരവിളക്ക് അനുബന്ധിച്ചുള്ള ദിവസങ്ങളിലെയും തുടർന്നുള്ള കുംഭമാസ പൂജയ്ക്കുമായി ദർശനം നടത്തുന്നതിന് വെർച്വൽ ക്യൂ ബുക്കിംഗ് ആരംഭിച്ചിട്ടുണ്ട്. ജനുവരി 14 നാണ് മകരവിളക്ക് മഹോത്സവം.

**വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധിശ്രീജി എസ് ശ്രീധർ........ (വോയിസ്)**

❁❁❁❁❁❁❁❁❁❁❁❁❁

**വൈബ് 4 വെൽനെസ്**

ആരോഗ്യം ആനന്ദം - "വൈബ് 4 വെൽനെസ്" സംസ്ഥാനതല ആരോഗ്യ പ്രചാരണ റാലി മറ്റന്നാൾ തിരുവനന്തപുരത്തെത്തും. ആരോഗ്യ വകുപ്പിൻറെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്ന പ്രചാരണ റാലിയുടെ സമാപന സമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ ബഹുജന പങ്കാളിത്തോടെയാണ് പ്രചാരണം സംഘടിപ്പിക്കുന്നത്.

❁❁❁❁❁❁❁❁❁❁❁❁❁

**മുഖ്യമന്ത്രി - ഫ്ലാഗ് ഓഫ്**

സംസ്ഥാന പോലീസ് സേനയുടെ കാര്യക്ഷമതയും അടിസ്ഥാന സൗകര്യങ്ങളും വർദ്ധിപ്പിക്കുന്നതിനും കാലഹരണപ്പെട്ട വാഹനങ്ങൾ ഘട്ടം ഘട്ടമായി മാറ്റുന്നതിൻറെയും ഭാഗമായി വിവിധ യൂണിറ്റുകൾക്കായി വാങ്ങിയ പുതിയ വാഹനങ്ങളുടെ ഫ്ളാഗ്ഗ് ഓഫ് നാളെ ഉച്ചയ്ക്ക് തിരുവനന്തപുരം എസ്.എ.പി പരേഡ് ഗ്രൗണ്ടിൽ നടക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിക്കും. സംസ്ഥാന പോലീസ് മേധാവി റവാഡ ആസാദ് ചന്ദ്ര ശേഖർ, പോലീസ് അഡ്മിനിസ്ട്രേഷൻ ഡി.ഐ.ജി ആർ നിശാന്തിനി, മറ്റ് മുതിർന്ന പോലീസ് ഉദ്യോഗസ്ഥർ എന്നിവർ സംബന്ധിക്കും.

## സിയാൽ

കയറ്റുമതി കാർഗോ സംഭരണ ശേഷി വർധിപ്പിച്ച് സിയാൽ. ഇതിൻറെ ഭാഗമായി കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ വിപുലീകരിച്ച എക്സ്പോർട്ട് കാർഗോ വെയർഹൗസിൻറെ ഉദ്ഘാടനം സിയാൽ മാനേജിംഗ് ഡയറക്ടർ എസ്. സുഹാസ് നിർവഹിച്ചു . ഇതോടെ സിയാലിലെ വാർഷിക കയറ്റുമതി കാർഗോ സംഭരണ ശേഷി 1.25 ലക്ഷം മെട്രിക് ടണ്ണായി വർധിക്കും.

## ഇടുക്കി (ഇൻട്രോ)

ക്രിസ്മസ്-പുതുവത്സര അവധിക്കാലത്തോടനുബന്ധിച്ച് ഇടുക്കി ജില്ലയിലെ വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്ക് സഞ്ചാരികളുടെ വൻ തിരക്ക്. ഒരാഴ്ചയ്ക്കിടെ ഒന്നര ലക്ഷത്തോളം പേർ ജില്ലയിലെ വിവിധ കേന്ദ്രങ്ങൾ സന്ദർശിച്ചതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. വരും ദിവസങ്ങളിലും തിരക്ക് വർദ്ധിക്കുമെന്ന കണക്കുകൂട്ടലിൽ സുരക്ഷാ ക്രമീകരണങ്ങൾ അധികൃതർ ശക്തമാക്കി.

**ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്.........**

**(വോയിസ്)**

## സി എം-റിസർച്ചർ സ്കോളർഷിപ്പ്

സംസ്ഥാന സർവകലാശാലകളിലെ സ്ഥിരം ഗവേഷണ വിദ്യാർത്ഥികൾക്കായുള്ള സിഎം റിസർച്ചർ സ്കോളർഷിപ്പ് വിതരണം നാളെ. തിരുവനന്തപുരം സർക്കാർ വനിതാ കോളേജിൽ നടക്കുന്ന പരിപാടി മന്ത്രി ആർ. ബിന്ദു ഉദ്ഘാടനം ചെയ്യും. 2025 ജനുവരി ബാച്ചിൻറെ ആദ്യ ഗഡു സ്കോളർഷിപ്പ് തുകയാണ് വിതരണം ചെയ്യുന്നത്.

❁❁❁❁❁❁❁❁❁❁❁❁❁

## വനിതാ ടി—20 ക്രിക്കറ്റ് (ഇൻട്രോ)

ഇന്ത്യ- ശ്രീലങ്ക വനിതാ ടി-20 പരമ്പരയിലെ അഞ്ചാമത്തെയും അവസാനത്തെയും മത്സരം ഇന്ന്. കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ വൈകുന്നേരം 7 മണിക്കാണ് പോരാട്ടം.

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്........ (വോയിസ്)**

❁❁❁❁❁❁❁❁❁❁❁❁❁

## മോഹൻലാൽ അമ്മ

ചലച്ചിത്രതാരം മോഹൻലാലിൻറെ അമ്മ ശാന്തകുമാരി അമ്മ അന്തരിച്ചു. 90 വയസ്സായിരുന്നു. കൊച്ചി എളമക്കരയിലെ വീട്ടിലായിരുന്നു അന്ത്യം. സംസ്കാരം നാളെ തിരുവനന്തപുരത്ത് നടക്കും.

മുഖ്യമന്ത്രി പിണറായി വിജയൻ ഉൾപ്പെടെ സാമൂഹിക - സാംസ്കാരിക രംഗത്തെ പ്രമുഖർ അനുശോചനം രേഖപ്പെടുത്തി.

❁❁❁❁❁❁❁❁❁❁❁❁❁

**പ്രത്യേക പരിപാടി**

കേന്ദ്ര സർക്കാരിൻറെ വിവിധ പദ്ധതികളെകുറിച്ച് ആകാശവാണി പ്രാദേശിക വാർത്താ വിഭാഗം തയ്യാറാക്കുന്ന പ്രത്യേക ചർച്ചകൾ 2026 ജനുവരി ഒന്ന് മുതൽ തിങ്കളാഴ്ച ഒഴികെയുള്ള ദിവസങ്ങളിൽ പ്രക്ഷേപണം ചെയ്യും. സർക്കാർ പദ്ധതികളെ കുറിച്ചുള്ള വിശദമായ അറിവുകൾ ജനങ്ങളിലെത്തിക്കുക എന്നതാണ് പരിപാടിയുടെ ലക്ഷ്യം.

❁❁❁❁❁❁❁❁❁❁❁❁❁

**നാളെ കർശന നിയന്ത്രണം**

പുതുവത്സര ആഘോഷം പ്രമാണിച്ച് താമരശ്ശേരി ചുരത്തിൽ നാളെ കർശന നിയന്ത്രണം ഏർപ്പെടുത്തും. ചുരത്തിലെ കടകൾ നാളെ വൈകീട്ട് ഏഴുമണിക്ക് അടക്കണമെന്നാവശ്യപ്പെട്ട് പോലീസ് നോട്ടീസ് നൽകി. ചുരത്തിൽ കൂട്ടം കൂടാനോ, വാഹനങ്ങൾ പാർക്ക് ചെയ്യാനോ പാടില്ല.

❁❁❁❁❁❁❁❁❁❁❁❁❁

बहुजनहिताय बहुजनसुखाय
आकाशवाणी